Page 1 of 1

നടപ്പിലാക്കുന്നതാണ്. സെൻട്രൽ സെർവറിന്റെ ശേഷിക്കുറവ് കാരണമാണ് എസ്.എം.എസ്. അലർട്ട് സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതിരുന്നത്. ഓൺലൈനായി നടത്തുന്ന എല്ലാ ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകൾക്കും എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. ഇപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിൽ സുരക്ഷ ഉറപ്പാക്കുവാൻ കഴിയുന്നതാണ്.

ലോട്ടറിത്തൊഴിലാളി ക്ഷേമ നടപടികൾ

114(128) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ലോട്ടറി തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കിയ ക്ഷേമ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ ഭാഗ്യക്കുറി വില്പന പുനരുജ്ജീവിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും യഥാക്രമം 3,500 രൂപയുടെയും 2,000 രൂപയുടെയും ഭാഗ്യക്കുപ്പണകൾ വിതരണം ചെയ്യുകയുണ്ടായി. സാമൂഹ്യ സുരക്ഷാ പെൻഷനും ബോർഡ് പെൻഷനും ലഭിക്കാത്ത ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1,000 രൂപാ വീതം മൂന്ന് ഘട്ടങ്ങളിലായി ആകെ 3000/-രൂപ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേയ്ക്കായി സാനിറ്റൈസർ, മാസ്ക് എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ സ്തംഭനാവസ്ഥയിലായ വിപണി ഉത്തേജിപ്പിക്കുന്നതിലേയ്ക്കായി ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹത നേടുന്ന എല്ലാ പെൻഷൻകാർക്കും 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പെൻഷൻകാർക്ക് 1,000 രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി ഡി.ബി.ടി. മുഖേന അംഗങ്ങളുടെ അക്കൗണ്ടിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി

115(129) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കൂടുതൽ ആശ്വാസവും സാമ്പത്തിക സ്വാതന്ത്ര്യവും നൽകുന്നതിന് എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly